For Private Circulation Only

February 2024

ആഗമനാരുണൻ

HOLY BIBLE

Vol.71

" എങ്കിലും യഹോവേ ഞാൻ നിന്നിൽ ആശ്രയിച്ചു. നീ എന്റെ ദൈവം എന്നു ഞാൻ പറഞ്ഞു " (സങ്കീ. 31:14)

No.2

ഹെലൻ ഇവാൻ – ഒരു സൗരഭ്യം പരത്തുന്ന ജീവിതം

By James A.Stewart

" ഞങ്ങളെത്തന്നെയല്ല, ക്രിസ്തുയേശുവിനെ കർത്താവു എന്നും ഞങ്ങളെയോ യേശു നിമിത്തം നിങ്ങളുടെ ദാസന്മാർ എന്നും അത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്. ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്ന് അരുളിചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിപ്പിച്ചിരിക്കുന്നു. "എങ്കിലും ഈ അത്യന്ത ശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്ന് വരേണ്ടതിന് ഈ നിക്ഷേപം ഞങ്ങൾക്ക് മൺപാത്രങ്ങളിൽ ആകുന്നു ഉള്ളത് " (2കൊരി. 4:5-7).

സ്കോട്ലണ്ടിലെ ഗ്ലാസ്ഗോ എന്ന സിറ്റിയിൽ ഒരു ശക്തമായ ഉണർവിൽ ഞാൻ രക്ഷിക്കപ്പെട്ടു, ഏകദേശം എന്റെ അതേ പ്രായത്തിലുള്ള ഒരു പെൺകുട്ടിയും ആ കാലത്ത് രക്ഷിക്കപ്പെട്ടു. അവളുടെ പേര് ഹെലൻ ഇവാൻ എന്നായിരുന്നു. അവൾ രക്ഷിക്കപ്പെട്ട ആ ദിവസങ്ങളിൽ തന്നെ പരിശുദ്ധാത്മാവിനാൽ നിറയുവാനുമിടയായി. അവൾ കർത്താവിന്റെ ക്ഷണം സ്വീകരിച്ചു, വരിക വേണ്ടുവോളം പാനം ചെയ്യുക, " ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട് ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു. അവൻ ഇത് തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ച് ആകുന്നു പറഞ്ഞത് " (യോഹ. 7:37-39). ഈ കവിഞ്ഞൊഴുക്ക് ക്രമേണ ഹെലന്റെ ജീവിതത്തിൽ നിന്നും പുറത്തേയ്ക്ക് ഒഴുകുവാൻ തുടങ്ങി.

ഹെലൻ ഇവാൻ ഏകദേശം 1910-ൽ ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു. അവളുടെ മാതാപിതാക്കളും ദൈവത്തെ അധികമായി സ്നേഹിച്ചു. വാഴ്ത്തപ്പെട്ട ദൈവപുത്രൻ അവരുടെ കുടുംബത്തിന്റെ കേന്ദ്രം ആയിരുന്നു. അവൾക്ക് ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ. ദൈവത്തെ ജീവിതത്തിന്റെ ഏതു മേഖലകളിലും മഹത്വപ്പെടുത്തുക. ഞാൻ അവരെ സന്ദർശിക്കുമ്പോൾ ധാരാളം അടയാളപ്പെടുത്തിയ മൂന്ന് ബൈബിളുകൾ അവരുടെ മേശപ്പുറത്തുണ്ടായിരുന്നു.

മാനസാന്തരപ്പെട്ടശേഷം അവളുടെ വ്യക്തിത്വത്തിന് വളരെ വ്യത്യാസമുണ്ടായി. പതിനാലു വയസ്സുള്ള അവളുടെ ജീവിതം ദൈവമഹത്വത്തിൽ പ്രശോഭിതയായി. അവളുടെ ഇരുണ്ട ഹൃദയത്തിൽ ദൈവത്തിന്റെ വലിയ മഹത്വം പ്രകാശിച്ചിട്ട്, സുവിശേഷത്തിന്റെ അതിശയിപ്പിക്കുന്ന ശക്തി മൺപാത്രത്തിൽ പകർന്നുകൊടുത്തു. അവളുടെ സാധാരണ ജീവിതം, അത് ദൈവമഹത്വത്താൽ ശോഭിക്കുവാനിടയായി. ക്രിസ്തുവിന്റെ ആത്മാവിനാൽ നിറഞ്ഞ് ശോഭിക്കുവാനിടയായി. പരിശുദ്ധാത്മ പ്രേരിതനായി ദൈവവചനം അവൾ പഠിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ നിറവുകൾ അവളിലേക്ക് വന്നു. അവൾ സന്തോഷത്താൽ തുള്ളിച്ചാടി.

വിശ്വാസികളെ എവിടെ കണ്ടാലും അവരുമായി ആശയവിനിമയം നടത്തി, പുതിയ അറിവുകൾ നേടി, അവളുടെ വാഴ്ത്തപ്പെട്ട രക്ഷകനെക്കുറിച്ചു പുതിയ അറിവുകൾ നേടുവാൻ അവൾ ശ്രമിച്ചു. ഇങ്ങനെയുള്ള അവളുടെ കൂട്ടുകാർ, കണ്ണീരോടുകൂടെ പറഞ്ഞു, " ഞങ്ങൾ യേശുവിനെ കണ്ടു; ഞങ്ങൾ അവിടുത്തെ മഹത്വമുള്ള മുഖത്തേയ്ക്ക് നോക്കി.

അവളുടെ പ്രാർത്ഥനാ ജീവിതം

എല്ലാ ദിവസവും ഏകദേശം അഞ്ചു മണിക്ക് കർത്താവുമായുള്ള കൂട്ടായ്മയ്ക്കായി അവൾ ഉണരും. തണുപ്പുകാലത്ത് തന്റെ ചെറിയമുറിയെ ചൂടാക്കുവാൻ അവൾ താല്പര്യപ്പെട്ടില്ല. സുഖപ്രദമായ ജീവിതാനുഭവങ്ങളെ അവൾ തേടിയില്ല, എല്ലായ്പ്പോഴും സന്തോഷവതിയായി അവൾ കാണപ്പെട്ടു. സുഖപ്രദമല്ലാത്ത അനുഭവങ്ങളിൽ കഴിയുന്ന വിദേശ രാജ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പാൻ അവൾ സമയം വേർതിരിച്ചു.

സ്തുതിയോടും ആരാധനയോടും കൂട്ടായ്മകളിൽ പങ്കെടുക്കുവാൻ തുടങ്ങി. തന്റെ ഹൃദയത്തെ ദൈവവചന വായനകൊണ്ട് അവൾ ശക്തിപ്പെടുത്തി. സ്കോട്ട്ലണ്ട്കാരനായ " മുറേ ചെയ്നേ' യുടെ വാക്കുകൾ അവൾ ഒർത്തു", " നാം നോക്കി രക്ഷപ്രാപിച്ചു. എന്നാൽ അവിടുത്തെ ഉറ്റുനോക്കി വിശുദ്ധീകരണം പ്രാപിക്കുന്നു ". അവൾ കർത്താവിന്റെ വരവിൽ എടുത്തുകൊള്ളപ്പെടും എന്ന പ്രത്യാശയോടെ അവളുടെ കർത്താവിനെ ഉറ്റു നോക്കി.

അവൾ മദ്ധ്യസ്ഥ പ്രാർത്ഥനയായ തന്റെ ശുശ്രൂഷ തുടർന്നു. തന്റെ കൂട്ടുകാർക്കും അവരുടെ കുടുംബത്തിനും വേണ്ടി, അവളുടെ കൂട്ടായ്മക്കുവേണ്ടി, നുറുകണക്കിന് മിഷ്യനറിമാർക്കു വേണ്ടി, അവൾ

(ശേഷം 2-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ഹെലൻ ഇവാൻ - ഒരു സൗരഭ്യം പരത്തുന്ന ജീവിതം

കണ്ടെത്തിയ രക്ഷിക്കപ്പെടാത്തവർക്കുവേണ്ടി, അവർ രക്ഷിക്കപ്പെടുവോളം പ്രാർത്ഥിച്ചു. അവളുടെ പ്രാർത്ഥനയിൽ അവ്യക്തമായോ പൊതുവായോ ഒരു കാര്യവുമുണ്ടായിരുന്നില്ല. തന്റെ മരണശേഷം തന്റെ ഡയറിക്കുറിപ്പുകൽ കാണുവാന്തക്കവണ്ണം അവളുടെ അമ്മ എന്നെ അനുവദിച്ചു, അതിൽ വ്യക്തമായതും കൃത്യമായതുമായ പ്രാർത്ഥനാവിഷയങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൾ ഒരു വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങി, പ്രാർത്ഥനയ്ക്ക് മറുപടിയുണ്ടായ ദിവസവും രേഖപ്പെടുത്തിയിരുന്നു. ദൈവത്തെയും മനുഷ്യനെയും ചലിപ്പിക്കുന്ന പ്രാർത്ഥനാ ജീവിതം ഉള്ള ആളായിരുന്നു അവൾ.

നഷ്ടപ്പെട്ട ആത്മാക്കളെ അന്വേഷിക്കുന്നവളായിരുന്നു.

ഞാൻ " ഗ്ലാസ്ഗോയും " തെരുവുകളിൽ ട്രാക്റ്റുകളുമായി അർദ്ധ രാത്രികളിൽ ഞാൻ ആയിരിക്കുമ്പോൾ അവൾ ആത്മാക്കളെ നേടുന്ന തിരക്കിൽ ആയിരുന്നു. ഒരു തണുപ്പുകാലത്ത് സന്ധ്യാനേരം ഞാൻ അവളെ കാണുമ്പോൾ അവളോടൊപ്പം ഒരു വേശ്യാസ്ത്രീയും ഉണ്ടായിരുന്നു, അവളോട് യേശുവിനെയും അവിടുത്തെ സ്നേഹത്തേയും കുറിച്ച് അവൾ പറയുകയായിരുന്നു. മറ്റൊരവസരത്തിൽ ഒരു മദ്യാപാനിയോട് സംസാരിക്കുകയായിരുന്നു, അവളുടെ രക്ഷകനായ യേശുവിനോട് അവനെ അടുപ്പിക്കാൻ.

സുവിശേഷയോഗങ്ങളിൽ അവൾ ജാഗ്രതയായി നഷ്ടപ്പെട്ട ആത്മാക്കളുടെയിടയിൽ അവൾ ജാഗ്രതയോടെ പ്രവർത്തിക്കുകയായിരുന്നു. ആരാധന നടക്കുന്ന ആ കെട്ടിടത്തിന്റെ പിൻഭാഗത്ത് ഒരു സ്ത്രീ തനിച്ചിരിക്കയായിരുന്നു, ദു:ഖം അവളുടെ മുഖത്ത് വായിച്ചെടുക്കാമായിരുന്നു, ക്ഷീണിച്ചവളായും കാണപ്പെട്ടു. ആത്മാവിന്റെ നിയോഗപ്രകാരം ഹെലൻ അടുത്തുചെന്ന് അവളുടെ അരികെ ഇരുന്നു. യോഗം തീരുവോളം രഹസ്യമായി അവൾക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. യോഗം കഴിഞ്ഞ് ആ സ്ത്രീ എഴുന്നേറ്റ് പോയി, ഹെലൻ കൂടെ പോയി, അന്നത്തെ മെസേജിനെപ്പറ്റി സംസാരിച്ചു, അവളുടെ ഹൃദയത്തിന്റെ ഭാരമെല്ലാം പോകുന്നതുവരെ അവൾ സംസാരിച്ചു. ഈ

(ശേഷം 7-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നില്ക്കുന്നു. വേണ്ടുപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവു വിശുദ്ധർക്കുവേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു " (റോമർ 8:26, 27, 28).

2024 ജനുവരി മാസം നമ്മെ വിട്ട് കടന്നു പോയി. ഫെബ്രുവരി മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

അതിശയവും അത്ഭുതകരവുമായ വഴികളിലൂടെ പ്രവർത്തിക്കുവാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം. പ്രതികൂലങ്ങളെയും സങ്കടങ്ങളെയും ഉറപ്പോടും ധൈര്യത്തോടും കൂടെ നേരിടാൻ കർത്താവ് നിങ്ങൾക്ക് കൃപ നൽകും. നിങ്ങൾ ശക്തിമേൽ ശക്തി പ്രാപിക്കും. യേശുവിനെ മുറുകെ പിടിച്ചുകൊൾക. മാനുഷികമായി നമ്മുടെ മുമ്പിൽ ഒരു വഴിയും കാണാതെയിരിക്കുമ്പോൾ നമ്മുടെ യാചനകൾക്ക് ഉത്തരം ലഭിക്കയില്ല എന്നു തോന്നുന്ന നിമിഷത്തിൽ പോലും ദൈവത്തിൽ നമുക്ക് നന്ദിയുള്ളവരായിരിക്കാൻ കഴിഞ്ഞാൽ കർത്താവിൽ പൂർണ്ണമായും സന്തോഷം കണ്ടെത്തുവാൻ സാധിക്കും.

ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. കർത്താവിൽ പൂർണ്ണമായി സന്തോഷിക്കുവാൻ കഴിയണമെങ്കിൽ നമ്മുടെ ജീവിതത്തിലെ നന്മകളെ ഓർക്കുക, കർത്താവായ യേശുക്രിസ്തു തന്റെ മണവാട്ടിയായ സഭയെ ശുദ്ധവും നിഷ്കളങ്കവുമായി കറയും കളങ്കവും ഒന്നുമില്ലാതെ തനിക്കു ജേതസ്സോടെ നിർത്തുവാൻ പോകുകയാണ്. ദൈവത്തെ ഭയപ്പെട്ട് താഴ്മയോടെ ജീവിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

" നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ച് തന്റെ സ്നേഹ സ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവയ്ക്കുകയും ചെയ്ത പിതാവിന് സന്തോഷത്തോടെ സ്തോത്രം ചെ യ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു " (കൊലോ. 1:13).

വാഴ്ചകളുടെയും അധികാരങ്ങളുടെയും അന്ധകാരത്തിന്റെ സകല അധിപതികളുടെയും മേൽ നമ്മുടെ കർത്താവു വരിച്ച സമ്പൂർണ്ണ വിജയത്തെ അതിന്റെ അളവിലും നിറവിലും നാം വഹിക്കേണ്ടത് ആവശ്യമാണ്. ഒരു പാപിയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം ഉള്ള കാര്യമാണ്. അവന്റെ പാപം ക്ഷമിച്ചുകിട്ടിയതും പാപത്തിൽ നിന്ന് രക്ഷ കിട്ടിയതും. സാത്താന്റെ വാഴ്ചകളെയും അധികാരങ്ങളെയും അവന്റെ സകല ശക്തികളെയും തകർത്തു കീഴടക്കിയെന്ന് ഒരു പാപി അറിയേണം. ആ ശക്തിയിൽ നിന്നും, സാത്താന്റെ അധികാരത്തിൽ നിന്നും കർത്താ വു നമ്മെ രക്ഷിച്ചു. കർത്താവിന്റെ വചനത്താൽ കാൽ വറി ക്രൂശിൽ നമ്മെ രക്ഷിച്ചു. ഇതിനർത്ഥം സാത്താന്റെ ശക്തിയെ തോല്പിച്ച് അവന് ഒരധികാരവുമില്ല. നമ്മുടെമേലുള്ള ശക്തി ആശ്രയിച്ചിരിക്കുന്നത് തന്റെ അധികാരത്തിലാണ്, നമ്മു ടെ ഹൃദയത്തിൽ സ്ഥാപിക്കപ്പെട്ട അധികാരത്തിന്മേലാണ്. ക്രൂശ് സംസാരിക്കുന്നത്, സാത്താന്റെ തോൽവി യും അഥവാ ഉന്മൂലനവുമാണ്, തന്റെ അധികാരത്തെയും ശക്തിയെയുമെല്ലാം കർത്താവ് എന്നേയ്ക്കുമായി മാറ്റി.

ക്രിസ്തുവിന്റെ പരമാധികാരത്തിൽ നമ്മുടെ സ്ഥാനം

By T.Austin Sparks

നമുക്കുവേണ്ടി എല്ലാം ക്രിസ്തു ചെയ്തു! ക്രിസ്തു തന്റെ പരമാധികാരത്തിൽ ജഡാവതാരമെടുത്തു, കാരണം, ക്രിസ്തുവിൽ സാത്താന്യ ശക്തികൾ ഏതുമില്ല എന്നും ക്രിസ്തു അവന്റെ മേൽ ജയം കൊണ്ടാടി എന്നേയ്ക്കുമുള്ള അധികാരം സ്ഥാപിച്ചു. ക്രിസ്തുവിൽ സാത്താന്റെ അധികാരങ്ങൾ ഏതുമില്ല. നാം വിശ്വസിക്കുമ്പോൾ ക്രിസ്തു നമ്മിൽ ആയിത്തീരുന്നു. സാത്താന്റെ അധികാര സീമകളെ തകർത്ത് ക്രിസ്തു നമ്മിൽ പരമാധികാരം നടത്തുന്നു എന്ന് നാം മനസ്സിലാക്കേണ്ടതാണ്. ക്രിസ്തു നമ്മിൽ വസിക്കുമ്പോൾ സാത്താന്റെ അധികാരങ്ങൾക്ക് സ്ഥാനമില്ല.

പാപത്തിൽ നിന്നും മാത്രമല്ല നമ്മെ വീണ്ടെടുത്തിരിക്കുന്നത് എന്നാൽ സാത്താന്റെ അധികാര പരിധിയിൽ നിന്നുമാണ്. " ദൈവം തെരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തു യേശു മരിച്ചവൻ; മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നെ. ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കയും നമുക്കു വേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു" (റോമ. 8:33,34). എന്താണിതിന്റെ ഉദ്ദേശം കുറ്റം ചുമത്തുന്നവൻ വരുന്നു, ഒരു കുറ്റം നമ്മുടെ മേൽ ചുമത്തുവാൻ ശ്രമിക്കുന്നു. എന്താണ് നമ്മുടെ നിലവാരത്തിൽ നിന്നുള്ള മറുപടി! നമ്മുടെ നിലവാരത്തിലുള്ള മറുപടി ഇതാണ്. ക്രിസ്തു നമുക്കുവേണ്ടി മരിച്ചു, അതെ, എന്നാൽ അവിടുന്ന് ഉയിർത്തെഴുന്നേറ്റു ". അതാണ് ശത്രുവിനുള്ള നമ്മുടെ മറുപടി: ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ച് അവിടുന്ന് സാത്താന്റെമേൽ ജയോത്സവം കൊണ്ടാടി.

നമ്മുടെ ജീവിതത്തിൽ ശത്രുവിന് ഒന്നും ചെയ്വാൻ കഴിയുന്നതല്ല. ഓരോ സമയം വിവിധങ്ങളായ ആരോപണങ്ങൾ ഉന്നയിച്ചേക്കാം, എന്നാൽ നമുക്ക് വിഷയം കർത്താവിന്റെ മുന്നിൽ വയ്ക്കുമ്പോൾ, അവന് എന്ത് ചെയ്യുവാൻ കഴിയും? ലോകത്തിന്റെ പ്രഭു വരുന്നു, അവന് എന്നോട് ഒരു കാര്യവുമില്ല (യോഹ.

(ശേഷം 6-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

" നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ; മനസ്സൊരുക്കമുള്ള ആത്മാവിനാലെന്നെ താങ്ങേണമേ. അപ്പോൾ ഞാൻ അതിക്രമക്കാരോട് നിന്റെ വഴികളെ ഉപദേശിക്കും; പാപികൾ നിങ്കലേക്ക് മനം തിരിയും" (സങ്കീ. 51:12,13).

" എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും" (പ്രവ. 1:8).

ഓരോ വീണ്ടെടുക്കപ്പെട്ട മനുഷ്യനും കർത്താവിന്റെ സാക്ഷ്യം വഹിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഇത് ഒരു ദൈവിക നടപ്പ് മാത്രമല്ല, വ്യക്തിപരമായ തീരുമാനമാണ് ഞാൻ കർത്താവിനെ സേവിക്കും. കർത്താവിന്റെ നാമം അറിയിക്കും എന്നുള്ളത്. എന്റെ ജീവിതത്തിൽ ദൈവം തന്ന രക്ഷ മറ്റുള്ളവരുമായി പങ്കുവയ്ക്കും എന്നത് എന്റെ ജീവിത തത്വം ആണ്. എന്റെ അധരങ്ങൾ ദൈവത്തിനു വേണ്ടി സമർപ്പിക്കുന്നു എന്നല്ല.

ഇത് മറഞ്ഞിരിക്കുന്ന ഒന്നല്ല എന്നുള്ള നിലയിൽ ഇത് ഒരു ആവശ്യവുമാണ്. ആയിരക്കണക്കിന് ക്രിസ്ത്യാനികൾ മണിക്കൂറുകൾ തുടർച്ചയായി ദൈവവചനം പ്രസംഗിക്കുന്നതിൽ സന്തോഷിക്കുന്നു, എന്നാൽ അവർ രക്ഷയുടെ വഴി അറിയുന്നില്ല. കർത്താവായ യേശു പ്രസംഗിക്കുക മാത്രമായിരുന്നില്ല ചെയ്തത്, അവിടുന്ന് ജനത്തിന്റെ വ്യക്തിപരമായ ആവശ്യങ്ങൾ അറിഞ്ഞു സംസാരിച്ചു. കർത്താവ് അവർക്ക് എന്താണ് ചെയ്തിരിക്കുന്നത് എന്ന് മറ്റുള്ളവരോടു അനേക ഉദാഹരണങ്ങളിലൂടെ സംസാരിക്കയായിരുന്നു, അവിടുന്ന് തന്നെ അവർക്ക് ഒരു അനുഗ്രഹമായിത്തീരുകയായിരുന്നു. ഒരു അദ്ധ്യാപകന് തനിയേ ഈ വ്യക്തിപരമായി സംസാരിക്കുന്ന വേല ചെയ്യുവാൻ സാധ്യമല്ല. ഓരോ വീണ്ടെടുക്കപ്പെട്ട വിശ്വാസിയും അവരോട് സഹകരിച്ച് പ്രവർത്തിക്കണം. അവിടുന്ന് ഈ ലോകത്തിൽ ആയിരുന്നപ്പോൾ ദൈവത്തിന്റെ സാക്ഷ്യം വഹിച്ചു. അങ്ങനെ സാക്ഷ്യം വഹിക്കുന്ന ഒരുവന് മാത്രമേ കർത്താവിനുവേണ്ടി പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ.

ആ സാക്ഷ്യം വഹിക്കുന്ന വ്യക്തി ഒരു വ്യക്തിപരമായ സാക്ഷ്യം വഹിക്കേണം നമുക്കു പറയാനുള്ള ധൈര്യമുണ്ടായിരിക്കേണം, " അവിടുന്നു എന്നെ വീണ്ടെടുത്തു. അവിടുന്ന് നിങ്ങളേയും വീണ്ടെടുക്കും. നിങ്ങൾ ഈ വീണ്ടെടുപ്പിനെ അംഗീകരിക്കുന്നില്ലയോ? വരിക, ഞാൻ വഴി കാണിച്ചു തരാം, നൂറു കണക്കിനളുകൾ ഈ ചോദ്യത്തിനുമുമ്പിൽ സന്തുഷ്ടരാണ്, നിങ്ങൾ വീണ്ടെടുക്കപ്പെട്ടിരിക്കുന്നുവോ? എന്ത് നിങ്ങളെ പിൻതിരിപ്പിക്കും? കർത്താവിങ്കലേയ്ക്ക് നടക്കുവാൻ ഞാൻ നിങ്ങളെ സഹായിക്കട്ടെ. മാതാപിതാക്കൾ നിങ്ങൾ കർത്താവായ യേശുവിനെ ജീവിതത്തിൽ സ്വീകരിച്ചിരിക്കുന്നുവോ? സണ്ടേ സ്കൂൾ കുട്ടികളോട് ദൈവവചനം പഠിപ്പിക്കുവാൻ ചോദിക്കാം, നിങ്ങൾ യഥാർത്ഥമായി കർത്താവായ യേശുവിനെ ഏറ്റുകൊണ്ടിരിക്കുന്നുവോ? ഓരോ കുട്ടികളോടും വ്യക്തിപരമായി സംസാരിക്കുവാൻ അവസരം കണ്ടെത്തേണ്ടതാണ്. കൂട്ടുകാർ തങ്ങളുടെ കൂട്ടുകാരോടു സംസാരിക്കുന്നു. അതെ, ഈ ചോദ്യം മറ്റെല്ലാ കാര്യത്തിനും മുമ്പേ ചോദിക്കാം.

ആ വേല സ്നേഹത്തിന്റെ വേലയായിരിക്കേണം. നിങ്ങൾ അവരെ സ്നേഹിക്കുന്നു എന്ന് അവർ അറിയേണം. യേശുവിലുണ്ടായിരുന്ന താഴ്മയും സ്നേഹത്തിന്റെ വിനയം നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവിടുത്തെ സ്നേഹത്താൽ നിറയപ്പെടേണ്ടതിന് യേശുവിനായ് നിങ്ങളുടെ ഓരോ വഴിയിലും സമർപ്പിക്കാം. തോന്നലുകളിലല്ല, വിശ്വാസത്താലുള്ള ദൈവസ്നേഹത്താൽ നിങ്ങൾക്ക് അത് ചെയ്യാൻ കഴിയുമോ? "നിത്യജീവനായിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നുകൊണ്ടു ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ. സംശയിക്കുന്നവരായ ചിലരോടു കരുണ ചെയ്വിൻ; ചിലരെ തീയിൽ നിന്നു വലിച്ചെടുത്തു രക്ഷിപ്പിൻ; ജഡത്താൽ കറപിടിച്ച അങ്കിപോലും പകച്ചു കൊണ്ട് ചിലർക്ക് ഭയത്തോടെ കരുണ കാണിപ്പിൻ " (യൂദാ. 21-23). ബലവും ശക്തിയും പറയും സനേഹവും ദയയും ചെയ്യുന്നതിനെക്കാൾ അധികം ഞങ്ങൾ ചെയ്യും. എന്നാൽ അങ്ങനെയല്ല. സ്നേഹം എല്ലാം ചെയ്യുന്നു. ഇത് സകലത്തേയും ക്രൂശിൽ അതിജീവിച്ചു.

ആ വേല സ്നേഹത്തിന്റെ വേലയായിരിക്കട്ടെ. വിശ്വാസം സ്നേഹത്താൽ പ്രവർത്തിക്കുന്നു. വിശ്വാസം നിങ്ങളെ ഉപയോഗിക്കുവാൻ ഉപദേശിക്കുന്നു, നിങ്ങൾ നിങ്ങളെ ഉപദ്രവിക്കും; നിങ്ങളുടെ ബലഹീനതകളിൽ ഭയപ്പെട്ടു പോകരുത്. ദൈവവചനത്തിലെ വാഗ്ദത്തങ്ങൾ പഠിക്കുക, നിങ്ങൾ സംസാരിക്കുന്നവരോട് അത് പറയുക. ആത്മാക്കളെ രക്ഷിക്കുവാൻ തുടർച്ചയായി നിങ്ങളെ സമർപ്പിക്കുക. നിങ്ങൾ വീണ്ടും ഉറച്ചു നിൽക്ക. ഒടുവിൽ നിങ്ങൾ അനുഗ്രഹം പ്രാപിക്കും. നിങ്ങളുടെ പ്രവർത്തനങ്ങൾ ക്ഷീണത്തിലാണ്, അല്ലെങ്കിൽ ഭയത്തിലാണ് ആയിരിക്കുന്നു എങ്കിലും, ഒരു അനുഗ്രഹത്തിന്റെയും പ്രതീക്ഷയിലും നല്ല ധൈര്യത്തോടെ ആയിരിക്ക, അവിടുത്തെ സഹായത്തിനായി കാത്തിരിക്ക, നാം കൊയ്യും. ദൈവശക്തിയിലുള്ള വിശ്വാസത്തിന്റെ നിറവിൽ ആയിരിക്ക, അവിടുന്ന് നിങ്ങളുടെമേൽ പകരുന്ന അനുഗ്രഹത്തിനായി കാത്തിരിക്ക, അവിടുന്ന് നിങ്ങളുടെമേൽ പകരുന്ന അനുഗ്രഹത്തിനായി കാത്തിരിക്ക, അവിടുന്ന് നിശ്ചയമായി പ്രാർത്ഥന കേൾക്കും. സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം, ദൈവം അവന് ജീവനെ കൊടുക്കും. മരണത്തിന

(ശേഷം 5-ാം പേജിൽ)

ആളാം പ്രതിവേല

By Andrew Murray

(4-ാം പേജിന്റെ തുടർച്ച)

ആളാം പ്രതിവേല

ല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ. മരണത്തിനുള്ള പാപം ഉണ്ട്. അതിനെക്കുറിച്ച് അപേക്ഷിക്കേണം എന്നു ഞാൻ പറയുന്നില്ല. ഏതു അനീതിയും പാപം ആകുന്നു. മരണത്തിനല്ലാത്ത പാപം ഉണ്ട് താനും " (1യോഹ. 5:16). അവന്റെ പാപം വെറുക്കപ്പെട്ടതോ നികൃഷ്ടമായതോ ആണ് എന്ന് അവന് അറിയില്ല എങ്കിലും അവൻ നല്ലവൻ വ്യത്യാസമില്ലാത്തവനും ആണെങ്കിൽ, ധൈര്യപ്പെടുക. അവിടുന്ന് പ്രാർത്ഥന കേൾക്കും.

എല്ലാറ്റിലുമുപരി പ്രധാനപോയിന്റ് ഇതാണ്. കർത്താവുമായുള്ള കൂട്ടായ്മയിൽ നമ്മെ കൊണ്ടുപോവുക. കർത്താവുമായി അടുത്തു ജീവിക്കുക, ആത്യന്തികമായി കർത്താവിനായി ജീവിക്കുക. നിങ്ങളുടെ ജീവിതത്തിന്റെ എല്ലാമായി കർത്താവ് ആയിരിക്കട്ടെ, അവിടുന്ന് സംസാരിക്കുന്നു. അവിടുന്നു നിങ്ങളിൽ പ്രവർത്തിക്കും. ദൈവത്തിന്റെ അനുഗ്രഹങ്ങളാൽ നിറഞ്ഞിരിക്ക, അവിടുത്തെ ആത്മാവിലും സ്നേഹത്തിലും നിറഞ്ഞവരായിരിക്കുക. അനുഗ്രഹം പ്രാപിപ്പാനായി മറ്റൊരു വഴിയുമില്ല. അവിടുന്ന് ചെയ്യുന്ന ഉപകാരങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുക. നിങ്ങക്ക് ധൈര്യത്തോടും സ്നേഹത്തോടും കൂടി താഴ്മയായി ചോദിക്കാൻ കഴിയുമോ, ഇത് നിങ്ങൾക്ക് നന്നായിരിക്കുന്നുവോ? ജീവിച്ച് മറ്റുള്ളവരുടെ അനുഗ്രഹത്തിനായി പ്രവർത്തിക്കുന്നവർക്ക് വാഗ്ദത്തം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങളുടെ അനുഭവം കർത്താവ് നിങ്ങൾക്ക് നൽകും.

യൗവനക്കാരേ, യേശുവിന്റെ സാക്ഷിയായിരിക്കുക. മുഴു ജീവിതത്തെയും ദൈവത്തിനായി സമർപ്പിച്ചു ജീവിക്കുക, കാത്തിരിക്കുക, അവിടുത്തെ മഹത്വത്തിനായി വേല ചെയ്യുക.

പ്രിയ കർത്താവേ, അവിടുത്തെ സ്നേഹത്തിൽ എന്നെ വീണ്ടെടുത്ത് അവിടുത്തെ സേവയ്ക്കായ് എന്നെ ആക്കി, ഞാൻ എന്റെ സ്വന്ത ഇഷ്ടത്തിൽ അങ്ങയ്ക്കുവേണ്ടി എന്നെ സമർപ്പിക്കുന്നു. നിന്റെ സ്നേഹത്താൽ എന്നെ നിറയ്ക്കണമേ, അങ്ങേയ്ക്കായി, ആത്മാക്കൾക്കുവേണ്ടി വീണ്ടെടുക്കുന്ന സ്നേഹം അറിയിക്കുന്ന വേല, എനിക്ക് ബഹുമാനയോഗ്യം എന്ന് ഞാൻ അറിയുന്നു. അവിടുന്ന് ഞങ്ങൾക്കായി ഈ വേല ചെയ്തു. നിന്റെ ശക്തിയാൽ എന്നെ താങ്ങേണമേ. എന്റെ സന്തോഷം ആത്മാക്കൾ ദൈവത്തോട് അടുക്കുവാൻ കാരണമാകട്ടെ. ആമേൻ. ❖

ദൈവമേ എന്നെ അറിയണമേ

By Lois J Stucky

ഇത് മാറ്റത്തിന്റെ സുപ്രധാന സമയമാണ്, കാരണം, നമ്മുടെ ആത്മിക അവസ്ഥയുടെ ജയപരാജയങ്ങൾ വിലയിരുത്തുവാനുള്ള സമയമാണിത് സങ്കീർത്തനക്കാരനോട് ചേർന്ന് ഈ ആത്മാർത്ഥവും ഗൗരവതരവുമായി പ്രാർത്ഥിക്കാം. " ദൈവമേ എന്നെ ശോധന ചെയ്തു നിന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ " (സങ്കീർ. 139:23,24). " എന്റെ " അല്ലെങ്കിൽ " എനിക്ക് " എന്നിങ്ങനെയുള്ള വ്യക്തിപരമായ പ്രയോഗങ്ങൾ ഇവിടെ കാണുന്നു. യിരെമ്യാ പ്രവചനത്തിൽ നമ്മെ ഓരോരുത്തരെയും വ്യക്തിപരമായി ചൂണ്ടി സംസാരിക്കുന്നത് കാണാം. "യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്തു അന്തരംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തന് അവനവന്റെ നടപ്പിനും പ്രവർത്തിക്കും ഒത്തവണ്ണം കൊടുക്കുന്നു " (യിരെ. 17:10).

നമ്മെത്തന്നെ പരിശോധിക്കുവാൻ, നമ്മെ സൂക്ഷിക്കുവാൻ സർവ്വശക്തനായവന്റെ സഹായം ആവശ്യമാണ് എന്ന് ഞങ്ങൾ അറിയട്ടെ. അപ്പോസ്തലനായ പൗലൊസ് തിരുമേശയുടെ സമയം, അയോഗ്യമായി ആരും തിരുമേശയിൽ നിന്ന് ഭക്ഷിക്കാതിരിക്കുവാൻ " ഓരോരുത്തൻ തന്നെത്താൻ ശോധന ചെയ്യട്ടെ എന്ന് പറയുന്നു ". (1 കൊരി.11:28). അപ്പോസ്തലനായ യോഹന്നാൻ പറയുന്നു, " ദൈവത്തിൽ നിന്നും ജനിച്ചവനെല്ലാം തന്നെത്തന്നെ സൂക്ഷിക്കുന്നു, ദുഷ്ടൻ അവനെ തൊടുന്നതുമില്ല " (1യോഹ. 5:18). വീണ്ടും താൻ പറയുന്നു, വിഗ്രഹങ്ങളോട് അകന്നു സൂക്ഷിച്ചുകൊൾവിൻ " വാക്യം 21.

ഒരു പക്ഷേ ദൈവത്തിന്റെ ആത്മാവ് നമ്മിൽ പ്രവർത്തിച്ച് കുറ്റബോധം ഉണ്ടാക്കി ഉന്നത നിലവാരത്തിൽ ആത്മികമായി നമ്മെ ഉയർത്തുവാൻ സഹായിച്ചേക്കും. ചിലപ്പോൾ ആ നലിയിൽ ശ്രദ്ധ കൊടുപ്പാൻ കഴിയും എന്ന് ഞാൻ ചിന്തിക്കുന്നു. അപ്രകാരമുള്ള ആന്തരിക പ്രേരണകൾക്ക് മുൻതൂക്കം കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കുക. കൂടുതൽ സൗകര്യപ്രദമായ സമയത്തിനായി ഇത് മാറ്റിവയ്ക്കുക. അല്ലെങ്കിൽ എല്ലാം മറക്കുക. ദൈവത്തിന്റെ സ്വഭാവവും വഴികളും തികവുള്ളതാണ്. അവിടുന്ന് ആത്ഭുതകരമായി ദീർഘക്ഷമയുള്ളവനാണ്. എന്നാൽ അവിടുന്ന് പറയുന്നു, "എന്റെ ആത്മാവ് സദാകാലവും മനുഷ്യനുമായി വാദിച്ചുകൊണ്ടിരിക്കയില്ല " (ഉല്പ. 6:3). എങ്ങനെയാണ് ദൈവത്തിന്റെ ഇടപെടൽ എന്ന് നമുക്ക് അറിയില്ല, ദൈവത്തിന്റെ ഹൃദയം നമുക്ക് അറിയാൻ സാദ്ധ്യമല്ല. ഇതാണ് സമയം. താഴ്മയോടും വിശ്വസ്തതയോടും നമ്മുടെ ഹൃദയങ്ങളെ ദൈവമുമ്പാകെ തുറക്കാം. അവിടുത്തെ ശബ്ദത്തിനായി ചെവികൊടുക്കാം. ❖

(3-ാം പേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ പരമാധികാരത്തിൽ നമ്മുടെ സ്ഥാനം

14:30). ഇതാണ് കർത്താവിന്റെ വചനങ്ങൾ. സാത്താന് എന്ത് ശക്തിയാണുള്ളത്? ക്രിസ്തുവിന്റെ മരണ പുനരുദ്ധാനങ്ങളിൽ സാത്താന്റെ ശക്തി തകർക്കപ്പെട്ടു. "ദൈവം തെരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷവിധിക്കുന്നവൻ ആർ? "അവരോട് ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്ന് അറിയിപ്പാൻ ദൈവത്തിന് ഇഷ്ടമായി. ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളത് തന്നെ" (കൊലൊ. 1:27). അതാണ് ദൈവത്തിന്റെ കരുതൽ, നാം മനസിരുത്തി വായിക്കുമ്പോൾ മനസിലാവുന്നത്, ക്രിസ്തുവാണ് വിജയത്തിന്റെ മാർഗ്ഗം.

പരിശുദ്ധാത്മാവ് നമ്മുടെ ജീവിതത്തിൽ വിജയത്തിനായി യഥാർത്ഥമായി പ്രവർത്തിക്കുന്നുവോ? നമ്മുടെ പ്രതിസന്ധികൾ ജീവിതത്തിൽ നല്ല താങ്ങായിത്തീരുന്നു. പരിശുദ്ധാത്മാവ് ഒരിക്കലും നമ്മുടെ പ്രതിസന്ധികൾ നമ്മുടെ നല്ലതായിരിക്കുവാൻ ശ്രമിക്കുന്നില്ല. നാം എന്നേയ്ക്കും പ്രതിസന്ധിയിലായിരിക്കാം, അതിൽ തന്നേ മരിക്കാം, നാം രക്ഷിക്കപ്പെട്ടവരാണോ വിശുദ്ധീകരിക്കപ്പെട്ടരിക്കുന്നുവോ എന്ന് തീരുമാനിക്കുന്നത്, പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമോ ഇല്ലയോ എന്നതിന്റെ അടിസ്ഥാനത്തിലല്ല. പരിശുദ്ധാത്മാവ് നമുക്കു തുണ നില്ക്കുന്നില്ലയോ? വിശ്വാസം ശരിയായ സമയത്തു പ്രവർത്തിച്ചു ക്രിസ്തു നമ്മിൽ പ്രവർത്തിച്ച് തന്റെ പ്രവർത്തി നമ്മിൽ പൂർത്തിയാക്കുവാൻ രക്ഷയുടെ പൂർത്തീകരണത്തിനുവേണ്ടി പ്രവർത്തിപ്പാൻ ഇടയാകുന്നു എന്ന് മനസിലാക്കേണ്ടതാണ്.

" അതെ " നിങ്ങൾ പറയും, " അതെ, ഞങ്ങൾ പാപികളാണ്. വളരെ കുറവുകൾ ഞങ്ങൾക്കുണ്ട്. എന്നാൽ ഞങ്ങളെ കുറിച്ചുള്ള യാഥാർത്ഥ്യത്തിന്റെ മുമ്പിൽ ഞങ്ങൾ കണ്ണടക്കണമേ".

നിങ്ങൾ ക്രിസ്തുവിങ്കേല്ക്കു കണ്ണുകൾ തുറക്കുക. നിങ്ങളിലേക്ക് നോക്കുന്നത് നിർത്തുക, നിങ്ങളുടെ പാപങ്ങളിലേക്ക് കർത്താവിങ്കലേയ്ക്ക് നോക്കുക, ക്രിസ്തു ദൈവത്തിന്റെ മുമ്പാകെ നിങ്ങളെ പൂർണ്ണരാക്കും, ദൈവം നിങ്ങളിലേക്കും അടുത്തുവരും. വിശ്വാസത്താൽ കർത്താവിനെ ഏറ്റുകൊള്ളുന്നു എന്ന നിലയിൽ - " ഇപ്പോൾ ഞാൻ എന്തുള്ളൂ, കർത്താവേ, അവിടുത്തെ മുമ്പിൽ - ഞാൻ ഏതുമില്ല. എന്നിൽ (അതായത്, എന്റെ ജഡത്തിൽ) നന്മ വസിക്കുന്നില്ല.... "(റോമർ 7:18). എന്നാൽ പ്രിയ കർത്താവേ, അവിടുന്ന് ആണ് എന്റെ വിശുദ്ധി, അവിടുന്ന് ആണ് എന്റെ വിശുദ്ധീകരണം, എല്ലാറ്റിനാലും അവിടുത്തെ ഞാൻ ഏറ്റുകൊള്ളുന്നു (2കൊരി. 1:30). ദൈവവചനത്തിന്റെ ആ അടിസ്ഥാനത്തിനുവേണ്ടി ഞാൻ അടുത്തുവരുമ്പോൾ പരിശുദ്ധാത്മാവ് ആ നന്മ എനിക്കുതരും. ഇതാണ് എന്റെ പ്രശംസ, തക്ക സമയത്തു പ്രവർത്തിക്കുന്ന ക്രിസ്തുവിന്റെ പ്രവൃത്തി, പരിശുദ്ധാത്മാവിന്റെ പ്രവൃത്തി, വിടുതലിന്റെ വഴി.

പാപിക്കുവേണ്ടി ക്രിസ്തുവിന്റെ വഴി

ഇവിടെ തെറ്റിപ്പോയ മനുഷ്യന്റെ നിലവിളി കേൾക്കൂ, " ഞാൻ പ്രവർത്തിക്കുന്നത് ഞാൻ അറിയുന്നില്ല, ഞാൻ ഇച്ഛിക്കുന്നതിനെയല്ല, പകയ്ക്കുന്നതിനെ അത്രേ ചെയ്യുന്നത് " (റോമ. 7:15). ജീവിതത്തിന്റെ ആ ഉയർച്ചയിലും താഴ്ചയിലും, പരിഹാരത്തിലും തോൽവികളിലും അവൻ നിലവിളിക്കുന്നു, "അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും? നമ്മുടെ കർത്താവായ യേശു ക്രിസ്തുമുഖാന്തരം ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു" (7:24, 25). എന്താണ് പാപികൾക്കുള്ള വഴി? അത് ക്രിസ്തുവിനെ അറിയുക എന്നതാണ്. മനുഷ്യന്റെ പ്രതിസന്ധികളിലല്ല. അവന്റെ പരിഹാര വഴികളിലുമല്ല, തന്റെ മനസിൽ അർപിച്ച് നന്മ പ്രാപിച്ചിരിക്കുന്ന വഴികളിലൂടെ അനുതാപത്തിന്റെ വഴിയിലൂടെ അതെ, നമ്മുടെ വിശ്വാസം ക്രിസ്തുവിൽ അർപ്പിച്ചിരിക്കുന്നു, അതാണ് രക്ഷയ്ക്കുള്ള വഴി, വിജയത്തിലേക്കുള്ള വഴി.

ആ വഴി ശ്രമിക്കുക. ദൈവം പുത്രനെ മഹത്വപ്പെടുത്തട്ടെ. ദൈവം നമ്മുടെ വിശ്വാസത്തെ പുത്രനിൽ മഹത്വപ്പെടുത്തട്ടെ.

❖

(2-ാംപേജിന്റെ തുടർച്ച)

ഹെലൻ ഇവാൻ - ഒരു സൗരഭ്യം പരത്തുന്ന ജീവിതം

നിലയിൽ അനേകരെ, ജീവിത ഭാരങ്ങളാൽ വലഞ്ഞിരുന്നവരെ, തങ്ങളുടെ പാപങ്ങളെയും ഭാരങ്ങളെയും എല്ലാം കർത്താവിൽ അർപ്പിച്ച് രക്ഷകന്റെ അടുക്കലേയ്ക്ക് നടത്തുവാൻ അവൾക്ക് കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ആ സ്ത്രീയെ ദൈവത്തിങ്കലേയ്ക്ക് നടത്തി.

അവൾ ഗ്ലാസ്ഗോയിലുള്ള യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ എടുത്തപ്പോൾ അനേക മൈൽ നടന്ന് പോകണമായിരുന്നു, ആ വഴിയിൽ ധാരാളം ട്രാക്റ്റുകൾ അവൾ വിതരണം ചെയ്തു. ആവൾ കോളജിലുള്ള അനേക കുട്ടികളെ ക്രിസ്തുവിങ്കലേക്ക് നടത്തുവാനിടയായി.

ക്രിസ്തുവിന്റെ സൗരഭ്യം

അവളിലുള്ള ക്രിസ്തുവിന്റെ സൗരഭ്യവും പരിശുദ്ധാത്മാവിന്റെ ശക്തിയും അനേകരിലേക്ക് പകർന്നുകൊടുക്കുവാനിടയായി. അവളുടെ ശരീരം ഒരു സഞ്ചരിക്കുന്ന പരിശുദ്ധാത്മാവിന്റെ ആലയമായിരുന്നു. അങ്ങനെ അവൾ പോയ ഇടങ്ങളിലെല്ലാം പരിശുദ്ധാത്മ ശക്തിയെ അവൾ വെളിപ്പെടുത്തി.

ലണ്ടൻ യൂണിവേഴ്സിറ്റിയിൽ ഉള്ള രണ്ട് ഫ്രഫസേഴ്സിനോട് ഞാൻ സംസാരിക്കുകയായിരുന്നു. അവർ വിശ്വാസികളായിരുന്നു. ഞങ്ങൾ ക്രിസ്ത്യാനിത്വത്തിന്റെ ശക്തിയെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവരിലൊരാൾ ഇങ്ങനെ പറഞ്ഞു, "സഹോദരാ സ്റ്റുവർട്ടേ, ഞാൻ

(ശേഷം 7-ാംപേജിൽ)

(6-ാംപേജിന്റെ തുടർച്ച)

ഹെലൻ ഇവാൻ - ഒരു സൗരഭ്യം പരത്തുന്ന ജീവിതം

ഗ്ലാസ്ഗോ യൂണിവേഴ്സിറ്റിയിൽ പഠിപ്പിച്ചിരുന്ന കാലത്ത് അവിടെ പഠിച്ചിരുന്ന ഒരു യുവതിയെക്കുറിച്ച് പറയാം”. താൻ ആ കഥ പറയാൻ തുടങ്ങി. എവിടെയെല്ലാം കോളജിന്റെ കാമ്പസിൽ അവൾ പോയോ, അവിടെയെല്ലാം ക്രിസ്തുവിന്റെ സൗരഭ്യം അവളെ പിൻതുടർന്നു.

ഉദാഹരണമായി, ഒരു കൂട്ടം മാനസാന്തരപ്പെടാത്ത കുട്ടികൾ ചീത്ത കഥകൾ പറഞ്ഞ് രസിച്ചിരിക്കയായിരുന്നു, പെട്ടെന്ന് അതിലൊരാൾ, “ അവൾ! അവൾ വരുന്നു! ശാന്തമാകൂ!” ഹെലൻ അതുവഴി വരികയായിരുന്നു, അവർ അവളിലുള്ള ആ ശക്തിയെ തിരിച്ചറിഞ്ഞു, അവളുടെ ദൈവത്തിന്റെ സാന്നിദ്ധ്യം അവളോടുകൂടെ ഉണ്ടായിരുന്നു.

അദ്ദേഹം പറഞ്ഞത്, യൂണിവേഴ്സിറ്റിയിലെ പ്രാർത്ഥനാ യോഗങ്ങളിൽ അവൾ ഉറക്കെ പ്രാർത്ഥിച്ചാലും ഇല്ലെങ്കിലും ഒരു പ്രത്യേക ദൈവസാന്നിദ്ധ്യം അറിയാൻ കഴിയുമായിരുന്നു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു, “ സർ, അങ്ങനെ ആയിരിക്കുവാൻ ഒരാൾക്കു മാത്രമേ കഴിയൂ. അതാണ് ഹെലൻ ഇവാൻ”. അതെ അദ്ദേഹം പറഞ്ഞു. അതാണ് അവളുടെ പേര്. അവൾ അസാധാരണമായി ആത്മാക്കളെ നേടുന്നു.

ദൈവവചനത്തിലൂള്ള അവളുടെ താല്പര്യം

ഹെലൻ തന്റെ ജീവിതത്തിന്റെ മറ്റൊരു പ്രത്യേകത എന്നത് ദൈവവചനത്തിനായുള്ള അവളുടെ അതിവാഞ്ചയും ദൈവസത്യങ്ങളിലേക്ക് എത്തിപിടിക്കുവാനുള്ള അവളുടെ വ്യഗ്രതയും ആണ്. അവൾ വചനത്തിന്റെ ഒന്നു രണ്ടു താളുകളിൽ മാത്രം ഒതുങ്ങി നിൽക്കാതെ ചനത്തിന്റെ ഓരോ ഭാഗവും അവൾക്ക് രുചികരമായ ഭോജനവും അവളുടെ ജീവിതത്തിന്റെ അലങ്കാരവുമാക്കി; അവൾ ദൈവവചനത്തിന്റെ ഉല്പത്തി മുതൽ വെളിപ്പാടു വരെയും ആഴമായി പഠിക്കുവാൻ ഇഷ്ടപ്പെട്ടു. അങ്ങനെ അവൾ ആഴമായ ബുദ്ധിമതിയായ ദൈവപൈതലായി പതിനാറു പതിനേഴ് വയസു പ്രായത്തിൽ അവൾ എത്തിച്ചേർന്നു.

ഇങ്ങനെ അവൾ ഉറച്ച ഒരു വിശ്വാസിയായി കാണപ്പെട്ടു. അവളുടെ ജീവിതത്തിൽ കളി തമാശകൾക്കോ മോശമായ സംസാരങ്ങൾക്കോ ഇടം ഇല്ലായിരുന്നു. മാതൃകാപരമായി അവൾ ജീവിതത്തെ കാത്തു സൂക്ഷിച്ചു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആത്മനിറവിൽ ജീവിതം അവൾ കാത്തു സൂക്ഷിച്ചു, വിശുദ്ധ ജീവിതവും ത്യാഗപരമായി ശുശ്രൂഷയും കൊണ്ട് അവൾ ദൈവത്തെ തന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തി.

ഹെലന്റെ നിത്യ ഭവനത്തിലേയ്ക്കുള്ള യാത്ര

യൂണിവേഴ്സിറ്റി കാലയളവിൽ, ഹെലൻ യൂറോപ്പിലുള്ള റഷ്യയിലെ കിഴക്കൻ പ്രദേശങ്ങളിൽ ഒരു മിഷ്യനറിയായി സേവനം ചെയ്യുവാൻ ഒരുങ്ങുകയായിരുന്നു. അവിടെ ഞാൻ പിന്നത്തേതിൽ വേലയ്ക്കായി കടന്നു പോയി. അതിനായി അവൾ റഷ്യൻ ഭാഷ പഠിച്ചു വേലയ്ക്കായി ഒരുങ്ങുകയായിരുന്നു. എന്നാൽ ദൈവം തന്റെ ജ്ഞാനത്തിലും സ്നേഹത്തിലും അവളെ വിളിച്ച്, അവളുടെ ഇരുപത്തിരണ്ടാമത്തെ വയസ്സിൽ തന്റെ വീട്ടിലേക്ക് അവളെ വിളിച്ചു ചേർക്കുകയായിരുന്നു.

ആ സമയം ഒരു ആന്റിയോടൊപ്പം തന്റെ ഗുരുവിന്റെ വേല ചെയ്യുന്ന തിരക്കിലായിരുന്നു. പെട്ടെന്ന് രോഗബാധിതയായി, അവളുടെ നിത്യവീട്ടിലേക്ക് വിളിച്ചു ചേർക്കപ്പെട്ടു. ഞങ്ങൾ ഒട്ടും പ്രതീക്ഷിക്കാത്ത സംഭവം ഞങ്ങൾ ക്ക് ഒരു ഞെട്ടലായി.

ആ സമയം ഞാൻ വടക്കൻ ഇംഗ്ലണ്ടിലുള്ള ഒരു സുവിശേഷീകരണ സംഘവുമായി ചേർന്ന് പ്രവർത്തിച്ചു വരികയായിരുന്നു. ഹെലന്റെ മരണവിവരം അറിഞ്ഞു ഞാൻ സ്തംഭിച്ചു പോയി. ആ ദിവസങ്ങളിൽ എനിക്ക് ഭക്ഷിക്കുവാനോ ഉറങ്ങുവാനോ കഴിഞ്ഞില്ല. എനിക്ക് മാത്രമല്ല ഈ ദു:ഖം ഉണ്ടായത്. ഗ്രേറ്റ് ബ്രിട്ടണിലും സ്കോട്ട്ലണ്ടിലുള്ള അനേകർക്ക് ആ ദു:ഖമുണ്ടായി. ഈ വാർത്തയിൽ മിഷ്യനറിമാർ ദു:ഖിച്ചു. അതെ, അവൾ വിശ്വസ്തതയോടുകൂടി ദൈവസിംഹാസത്തിനരികിൽ ഇപ്പോൾ ആയിരിക്കുന്നു. ആര് ആ വിടവു നികത്തും?

ഇരുപത്തിരണ്ട് വയസ്സ് മാത്രം പ്രായത്തിൽ അവസാനിച്ച ഒരുയുവതി, അവൾ പഠിപ്പിച്ച പാഠങ്ങൾ ഇപ്പോഴും പ്രചോദനമാകുന്നു, ഒരിക്കലും ഒരു പ്രസംഗം പ്രസംഗിച്ചിട്ടില്ല, ഒരു പാട്ടു പാടിയിട്ടില്ല, വീട്ടിൽ നിന്നും ഇരുനൂറ് മൈൽ അകലത്തിൽ കൂടുതൽ അവൾ സഞ്ചരിച്ചിട്ടില്ല. എങ്ങനെയാണ് ഒരു മഹാൻ മരിച്ചതുപോലുള്ള പ്രതീതിയിൽ അവൾ ഓർക്കപ്പെടുന്നത്? ഒരേ യൊരു വിശദീകരണം. അവൾ ആത്മാവിനാൽ നിറയപ്പെട്ടിരുന്നു. ഹെലൻ, ഒരു സാധാരണ പെൺകുട്ടി, അസാധാരണമായി മാറി, അവൾ തന്റെ ജീവിതത്തെ ദൈവത്തിനായി സമർപ്പിച്ചു സമ്പൂർണ്ണമായി. അവൾ ആ മുഖം, പ്രതിഫലം പ്രാപിപ്പാനായി എഴുന്നേറ്റു വരുമ്പോൾ നാം കാണും, പ്രകാശിക്കും, കർത്താവിന്റെ മഹത്വം.

പ്രിയവായനക്കാരാ, പൂർണ്ണമായി നിങ്ങളെ യേശുവിനായി സമർപ്പിക്ക, ഹെലൻ ഇവാനെപ്പോലെ, ദൈവത്തിന്റെ മഹത്വം പൂർണ്ണമായി ശോഭിക്കട്ടെ. ഇതായിരിക്കട്ടെ നിങ്ങളുടെ പ്രാർത്ഥന.

എന്നെ പൂർണ്ണമായ് സന്തോഷത്തോടെ സമർപ്പിക്കുന്നു

എന്നെ അവിടുത്തെ കരങ്ങളിൽ ഏല്പിക്കുന്നേ,
നിനക്കായ് മാത്രം,
എപ്പോഴും ഞാൻ ആയിരിക്കും.
ഓ, ദൈവപുത്രാ അവിടുന്ന് എന്നെ സ്നേഹിച്ചു
ഞാൻ അങ്ങയുടേതായിരിക്കും എനിക്കുള്ളതെല്ലാം എന്റെ കഴിവുകളും അങ്ങേക്കു മാത്രം ആയിരിക്കും.
കർത്താവായ യേശുവേ എന്നിൽ വാഴേണമേ!

എന്റെ ഹൃദയം അങ്ങയുടെ സിംഹാസനമാക്കേണമേ
ഇത് അങ്ങേക്ക് വേണ്ടി പ്രിയരക്ഷകാ,
ഇത് അങ്ങേക്ക് വേണ്ടി മാത്രം
ഓ! വീണ്ടും വരേണമേ, കർത്താവായ യേശുവേ;
എല്ലാമായി വാഴേണമേ!
വിശ്വസ്തമായി എന്നെ കാക്കേണമേ,
സത്യം ചെയ്യുന്നു, എന്റെ രാജാവേ! ❖